2026 ജൂൺ 10: കേന്ദ്രമന്ത്രിസഭയുടെ പ്രമേയം

കരട്: 2

**വിഷയം: തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയെന്ന നിലയിൽ ഏറ്റവും കൂടുതൽ കാലം രാജ്യത്തെ സേവിച്ച വ്യക്തിയെന്ന ചരിത്രപരമായ നേട്ടം ബഹുമാനപ്പെട്ട പ്രധാനമന്ത്രി കൈവരിച്ച വേള.**

ഇന്ത്യൻ ജനാധിപത്യത്തിന്റെ യാത്രയിൽ ചരിത്രപരവും പ്രചോദനാത്മകവുമായ നാഴികക്കല്ല് കുറിക്കുകയാണ് 2026 ജൂൺ 10 ആയ ഇന്ന്. **തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയെന്ന നിലയിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി രാജ്യത്തെ സേവിച്ച പ്രധാനമന്ത്രിയായി ശ്രീ നരേന്ദ്ര മോദി മാറിയിരിക്കുന്നു.** തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയെന്ന നിലയിൽ തുടർച്ചയായി 4,399 ദിവസത്തെ സേവനമെന്ന റെക്കോർഡാണ് അദ്ദേഹം സ്ഥാപിച്ചത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു വ്യക്തി ഈ നേട്ടം കൈവരിക്കുന്നത്. ഇതിനുമുമ്പ്, ശ്രീ ജവഹർലാൽ നെഹ്‌റു 1952 മുതൽ 1964 വരെ തുടർച്ചയായി 4,398 ദിവസം ഈ പദവി വഹിച്ചിരുന്നു.

**ഇന്ത്യയുടെ ജനാധിപത്യ ബോധത്തിന്റെയും പൊതുവിശ്വാസത്തിന്റെയും ജനപങ്കാളിത്തത്തിന്റെയും കരുത്താണ് ഈ വേള സൂചിപ്പിക്കുന്നത്.** ഒരു ജനപ്രതിനിധി 'രാഷ്ട്രം ആദ്യം' എന്ന ദൃഢനിശ്ചയത്തോടെ ജീവിക്കുമ്പോൾ, അദ്ദേഹം സത്യം, അഖണ്ഡത, കഠിനാധ്വാനം, സത്യസന്ധത, ജീവിതത്തിലെ ശുദ്ധി എന്നിവ തന്റെ മാർഗനിർദേശ തത്വങ്ങളാക്കുമ്പോൾ, ജനങ്ങളെ സേവിക്കുന്നതിനായി ദൃഢമായി സമർപ്പിക്കുമ്പോൾ, പൊതുജനങ്ങൾ അഭൂതപൂർവമായ പിന്തുണയുടെ രൂപത്തിൽ അനുഗ്രഹങ്ങൾ അദ്ദേഹത്തിന്മേൽ ചൊരിയുന്നു. ഇന്നത്തെ ചരിത്രപരമായ നിമിഷം ആ പൊതുജനാഭിലാഷത്തിന്റെ പ്രതിഫലനമാണ്.

ഈ അവസരത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിക്ക് കേന്ദ്രമന്ത്രിസഭ ഹൃദയംഗമമായ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

2026 ജൂൺ 10-ലെ ചരിത്രപരമായ ഈ നാഴികക്കല്ല് മറ്റ് സുപ്രധാന നേട്ടങ്ങൾക്കൊപ്പമാണ് വന്നെത്തിയിരിക്കുന്നത്. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ എൻഡിഎ ഗവൺമെന്റ് 12 വർഷം പൂർത്തിയാക്കിയിരിക്കുന്നു. **ഗവൺമെന്റിന്റെ തലവൻ** എന്ന നിലയിൽ, പ്രധാനമന്ത്രി തുടർച്ചയായ 25 വർഷത്തെ സേവനമെന്ന ചരിത്രപരമായ നാഴികക്കല്ല് പിന്നിടാൻ ഒരുങ്ങുകയുമാണ്.

ആറു പതിറ്റാണ്ടുകൾക്ക് ശേഷം, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ തുടർച്ചയായ മൂന്നാം തവണയും രാജ്യം എൻഡിഎ ഗവൺമെന്റിന് ഭരണാധികാരം നൽകിയിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. **സംവേദനക്ഷമതയും ആത്മസംയമനവും ലക്ഷ്യബോധവും നിർണായകമായ തീരുമാനമെടുക്കാനുള്ള ശേഷിയുമുള്ള അത്രമേൽ പ്രാപ്തമായ കൈകളിലാണ് നമ്മുടെ നേതൃത്വം എന്നതിൽ നാം അഭിമാനിക്കുന്നു.**

**പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ജീവിതം സേവനത്തിന്റെയും കരുത്തിന്റെയും രാഷ്ട്രനിർമാണത്തിനായുള്ള നിരന്തരമായ പരിശ്രമത്തിന്റെയും പ്രതീകമാണ്.** സംഘടനാ പ്രവർത്തകനെന്ന നിലയിലും പിന്നീട് ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ വിപുലമായ പരിചയസമ്പത്തിനാലുള്ള താഴേത്തട്ടിലെ

യാഥാർഥ്യങ്ങളെക്കുറിച്ചുള്ള അറിവ്, നയങ്ങളെ കൂടുതൽ സംവേദനക്ഷമവും പ്രായോഗികവും ഫലാധിഷ്ഠിതവുമാക്കി മാറ്റി.

2014-ൽ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തതിന് ശേഷം, പാർലമെന്റിന്റെ സെൻട്രൽ ഹാളിൽവച്ച് "പ്രധാന സേവകൻ" എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചു. രാജ്യത്തിന്റെ ഭരണഘടനയെ വിശുദ്ധ ഗ്രന്ഥമായാണ് അദ്ദേഹം വിശേഷിപ്പിച്ചത്. തന്റെ ഗവണ്മെന്റ് പാവപ്പെട്ടവർക്കായി സമർപ്പിക്കപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു. 'ഏവർക്കുമൊപ്പം, ഏവരുടെയും വികസനം' എന്ന തത്വം ഗവണ്മെന്റിന്റെ ആപ്തവാക്യമാക്കി മാറ്റി. കഴിഞ്ഞ 12 വർഷങ്ങൾ ഈ ദൃഢനിശ്ചയങ്ങളുടെ ആവിഷ്കാരമായിരുന്നു.

**പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ത്യ പാവപ്പെട്ടവരുടെ ക്ഷേമത്തിനാണ് ഭരണനിർവഹണത്തിൽ കേന്ദ്രസ്ഥാനം നൽകിയത്.** ചരിത്രത്തിൽ ആദ്യമായാണ് കോൺക്രീറ്റ് വീടുകൾ, വൈദ്യുതി, പാചകവാതക കണക്ഷനുകൾ, ശുദ്ധമായ കുടിവെള്ളം, ശൗചാലയങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഇത്രയധികം വലിയ തോതിൽ രാജ്യത്തെ കോടിക്കണക്കിന് വ്യക്തികളിൽ എത്തിയത്. ചരിത്രത്തിൽ ആദ്യമായി കോടിക്കണക്കിന് ജനങ്ങൾക്ക് ബാങ്ക് അക്കൗണ്ടുകൾ തുറന്നു നൽകുകയും, ഇടനിലക്കാരുടെ ഇടപെടലുകളില്ലാതെ ഗവണ്മെന്റ് സഹായം നേരിട്ട് കൈപ്പറ്റാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. ആദ്യമായാണ് 80 കോടിയിലധികം പൗരന്മാർക്ക് സൗജന്യ റേഷൻ സൗകര്യം ലഭ്യമാക്കിയത്; കൂടാതെ ആദ്യമായാണ് 60 കോടിയിലധികം വരുന്ന പാവപ്പെട്ട ജനങ്ങൾക്ക് 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സാ ഉറപ്പ് ലഭിച്ചതും. ഈ നടപടികൾ ജനങ്ങളുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും അന്തസ്സോടെ ജീവിക്കാൻ കഴിയുമെന്ന വിശ്വാസം അവരിൽ വളർത്തുകയും ചെയ്തു. ഇതിന്റെ ഫലമായി 25 കോടിയിലധികം ജനങ്ങൾക്ക് ദാരിദ്ര്യത്തിൽ നിന്ന് മുക്തി നേടാൻ കഴിഞ്ഞു.

**യുവശക്തിയെ ഇന്ത്യയുടെ ഏറ്റവും വലിയ സമ്പത്തായാണ് പ്രധാനമന്ത്രി കണക്കാക്കുന്നത്.** അദ്ദേഹത്തിന്റെ മാർഗനിർദേശപ്രകാരം നൈപുണ്യവികസനം, സ്റ്റാർട്ടപ്പ് ഇന്ത്യ, നൂതനാശയങ്ങൾ, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, കായികരംഗം, സംരംഭകത്വം, ഫിറ്റ്നസ് എന്നിവയ്ക്ക് അഭൂതപൂർവമായ ഉത്തേജനമാണ് ലഭിച്ചത്. കഴിഞ്ഞ 12 വർഷത്തിനിടയിൽ, ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി മാറി; ഇപ്പോൾ നമ്മുടെ രാജ്യം ലോകത്തിലെ പ്രമുഖ കായിക ശക്തിയായും ഉയർന്നുവരുന്നു. ചന്ദ്രയാൻ ദൗത്യത്തിലൂടെ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ത്രിവർണ പതാക ഉയർത്തി ഇന്ത്യ ശാസ്ത്ര മേഖലയിലെ വളർന്നുവരുന്ന ശേഷി ലോകത്തിന് മുന്നിൽ പ്രകടിപ്പിക്കുകയും ചെയ്തു.

**പ്രധാനമന്ത്രിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, കഴിഞ്ഞ 12 വർഷത്തിനിടയിൽ ഇന്ത്യയുടെ വികസന യാത്രയിൽ സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനത്തിന്റെ പുതിയ അധ്യായം കൂട്ടിച്ചേർക്കപ്പെട്ടു.** അദ്ദേഹത്തിന്റെ മാർഗനിർദേശപ്രകാരം, ഗവണ്മെന്റ് രാജ്യത്തെ സ്ത്രീകളെ നയങ്ങളുടെ കേന്ദ്രസ്ഥാനത്ത് നിരന്തരം പ്രതിഷ്ഠിച്ചു. ശൗചാലയ സൗകര്യങ്ങൾ, പുകശല്യമില്ലാത്ത അടുക്കളകൾ, ഗർഭകാലത്തെ സാമ്പത്തിക സഹായം, മുദ്ര യോജന, സ്ത്രീകളുടെ പേരിലുള്ള പ്രധാനമന്ത്രി ആവാസ് യോജന, 'ലഖ്പതി ദീദി' യജ്ഞം എന്നിവയിലൂടെ, ജനനം മുതൽ ജീവിതത്തിന്റെ അവസാന നിമിഷങ്ങൾ വരെയുള്ള ഓരോ ഘട്ടത്തിലും, രാജ്യത്തെ സ്ത്രീകൾക്കായി സമ്പൂർണമായ പിന്തുണാ സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ലോക്സഭയിലും നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകിയതിലൂടെ, രാജ്യത്തിന്റെ നയരൂപീകരണത്തിൽ അവരുടെ പങ്കാളിത്തം ഇനിയും വർധിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്.

പ്രധാനമന്ത്രി വിഭാവനം ചെയ്ത 'വികസിത ഇന്ത്യ' എന്ന ലക്ഷ്യത്തിന്റെ പ്രധാന സ്തംഭങ്ങളിലൊന്നാണ് നമ്മുടെ കർഷകർ. കഴിഞ്ഞ 12 വർഷത്തിനിടയിൽ കർഷകർക്ക് പുതിയ ഇനം വിത്തുകൾ നൽകുക, പൂർത്തിയാകാതിരുന്ന നിരവധി ജലസേചന പദ്ധതികൾ പൂർത്തിയാക്കുക, പിഎം കിസാൻ സമ്മാൻ നിധി ലഭ്യമാക്കുക, കുറഞ്ഞ താങ്ങുവില (MSP) വർധിപ്പിക്കുക, ഗവൺമെന്റ് സംഭരണം വർധിപ്പിക്കുക തുടങ്ങിയ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ചെറുകിട കർഷകർ, കന്നുകാലി വളർത്തുന്നവർ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കായി അത്ഭുതപൂർവമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. കന്നുകാലി വളർത്തുന്നവർക്കും മത്സ്യത്തൊഴിലാളികൾക്കും കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകാനുള്ള പ്രധാനമന്ത്രിയുടെ തീരുമാനത്തിൽ നിന്ന് ലക്ഷക്കണക്കിന് വ്യക്തികൾക്കാണ് പ്രയോജനം ലഭിക്കുന്നത്. ഇന്ന് ഇന്ത്യയുടെ കാർഷിക കയറ്റുമതി ₹5 ലക്ഷം കോടി കടന്നിരിക്കുന്നു. **കർഷക ക്ഷേമവുമായി ബന്ധപ്പെട്ട പ്രധാനമന്ത്രിയുടെ നയങ്ങളുടെ വ്യക്തമായ സ്വാധീനമാണിത്.**

'രാഷ്ട്രം ആദ്യം' എന്ന മനോഭാവത്താൽ പ്രചോദിതനായി സുപ്രധാന തീരുമാനങ്ങളെടുക്കാൻ പ്രധാനമന്ത്രി ഒരിക്കലും മടിച്ചിട്ടില്ല. പതിറ്റാണ്ടുകളായി മുടങ്ങിക്കിടന്ന തീരുമാനങ്ങളും പരിഷ്കാരങ്ങളും ഇപ്പോൾ യാഥാർഥ്യമായത് അതുകൊണ്ടാണ്. ജമ്മു കശ്മീരിൽ അനുച്ഛേദം 370 റദ്ദാക്കൽ, GST നടപ്പാക്കൽ, OROP (ഒരു റാങ്ക് ഒരു പെൻഷൻ) കൊണ്ടുവരൽ, CDS തസ്തിക രൂപീകരിക്കൽ, പാവപ്പെട്ടവർക്ക് 10% സംവരണം നൽകൽ, ശത്രു സ്വത്തു നിയമം നടപ്പാക്കൽ, CAA പ്രാബല്യത്തിൽ വരുത്തൽ, മുത്തലാഖിനെതിരെ നിയമനിർമാണം നടത്തൽ, വഖഫ് നിയമം ഭേദഗതി ചെയ്യൽ, ആണവ മേഖലയിലെ പരിഷ്കാരങ്ങൾക്കായി നിയമങ്ങൾ പാസാക്കൽ, ഭാരതീയ ന്യായ സംഹിത നടപ്പാക്കൽ, നിരവധി തൊഴിൽ നിയമങ്ങൾ നാലു കോഡുകളായി ഏകീകരിക്കൽ തുടങ്ങിയവ, നിർണായക തീരുമാനങ്ങൾ എടുക്കുന്ന നേതാവെന്ന പ്രധാനമന്ത്രിയുടെ പ്രതിച്ഛായക്കു കൂടുതൽ കരുത്തേകുന്നു.

**ദേശീയ സുരക്ഷയ്ക്ക് പ്രധാനമന്ത്രി പുതിയ മാനവും പുതിയ ഉയരവും നൽകി. ഭീകരവാദത്തിനെതിരെ കരുത്തുറ്റ നടപടികൾ സ്വീകരിച്ചതിന്റെ പൂർണമായ ഖ്യാതി അദ്ദേഹത്തിന്റെ നേതൃത്വത്തിനാണ്.** ചരിത്രത്തിൽ ആദ്യമായാണ് അതിർത്തികടന്നു ഭീകരവാദ ക്യാമ്പുകൾക്ക് നേരെ 'സർജിക്കൽ സ്ട്രൈക്ക്'കൾ നടത്തിയത്. ആദ്യമായാണ് അതിർത്തി കടന്നുള്ള വ്യോമാക്രമണം നടത്തിയത്. ആദ്യമായാണ് 'ഓപ്പറേഷൻ സിന്ദൂർ' വഴി, മുമ്പ് ചിന്തിക്കാൻ പോലും കഴിയാതിരുന്ന പാകിസ്ഥാനിലെ കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ആക്രമണം നടത്തിയത്. പതിറ്റാണ്ടുകൾക്ക് മുമ്പ് പാകിസ്ഥാനുമായി ഒപ്പുവച്ച അന്യായമായ സിന്ധു നദീജല കരാർ പ്രധാനമന്ത്രിയുടെ നിർദേശങ്ങൾ പാലിച്ച്, ഇന്ത്യാ ഗവൺമെന്റ് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഇനി ഇന്ത്യയുടെ ജലം ഇന്ത്യയിലെ കർഷകർക്ക് ഉപയോഗപ്രദമാകും.

**പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ത്യ നക്സലിസത്തിൽ നിന്ന് പൂർണമായും മുക്തമായിക്കൊണ്ടിരിക്കുകയാണ്.** വടക്കുകിഴക്കൻ മേഖലയിൽ നിരവധി ശാശ്വത സമാധാന കരാറുകൾ ഒപ്പുവയ്ക്കപ്പെട്ടു. ഇത് ആ പ്രദേശത്ത് അത്ഭുതപൂർവമായ സമാധാനത്തിന്റെ യുഗത്തിന് തുടക്കം കുറിച്ചു. ബംഗ്ലാദേശുമായുള്ള പതിറ്റാണ്ടുകൾ നീണ്ട അതിർത്തി തർക്കവും പരിഹരിക്കപ്പെട്ടു.

**സ്വയംപര്യാപ്തത കൈവരിക്കാതെ ഇന്ത്യക്ക് വികസിത രാഷ്ട്രമാകാൻ കഴിയില്ലെന്ന് പ്രധാനമന്ത്രി ഉറച്ചു വിശ്വസിക്കുന്നു.** ഈ പ്രചോദനത്തോടെ, മേയ്ക്ക് ഇൻ ഇന്ത്യ–ആത്മനിർഭർ ഭാരത് യജ്ഞങ്ങൾ വലിയ വേഗത കൈവരിച്ചിരിക്കുകയാണ്. ഇന്ന്, പ്രതിരോധം, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽസ്, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വിവിധ മേഖലകളിൽ ഉൽപ്പാദനത്തിലും കയറ്റുമതിയിലും ഇന്ത്യ പുതിയ റെക്കോർഡുകൾ

സൃഷ്ടിക്കുകയാണ്. കൂടാതെ, അർദ്ധചാലകങ്ങൾ, ഹരിത ഊർജ്ജം, ബഹിരാകാശ സാങ്കേതികവിദ്യ, നിർമ്മിതബുദ്ധി എന്നീ മേഖലകളിലും രാജ്യം പ്രശംസനീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്.

**പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ത്യയുടെ ആഗോള പങ്കാളിത്തവും അഭൂതപൂർവമായ രീതിയിൽ ശക്തമായിട്ടുണ്ട്. ആഗോള വേദികളിൽ ഇന്ത്യയുടെ ശബ്ദത്തിന് പുതിയ മാന്യത കൈവന്നിരിക്കുന്നു.** ഇന്ത്യയുടെ വിജയകരമായ ജി-20 അധ്യക്ഷപദവി, ഗ്ലോബൽ സൗത്തിന്റെ അഭിലാഷങ്ങൾക്ക് ശബ്ദം നൽകൽ, വിവിധ ആഗോള സംരംഭങ്ങളിൽ നേതൃത്വം നൽകൽ എന്നിവ രാജ്യത്തിന്റെ അന്താരാഷ്ട്ര പ്രതിച്ഛായയെ പുതിയ ഉയരങ്ങളിലേക്ക് എത്തിച്ചു. പ്രധാനമന്ത്രിയുടെ ശ്രമങ്ങൾ കാരണം 170-ലധികം രാജ്യങ്ങൾ ഒന്നിക്കുകയും ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുകയും ചെയ്തു.

**പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം എന്നീ മേഖലകളിൽ ഇന്ത്യ ഉത്തരവാദിത്തമുള്ളതും പ്രചോദനാത്മകവുമായ മാതൃക ലോകത്തിന് മുന്നിൽ അവതരിപ്പിച്ചു.** അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം, ദുരന്ത നിവാരണ പ്രതിരോധ അടിസ്ഥാനസൗകര്യ വികസന കൂട്ടായ്മ (കോയലിഷൻ ഫോർ ഡിസാസ്റ്റർ റെസിലിയന്റ് ഇൻഫ്രാസ്ട്രക്ചർ), ആഗോള ജൈവ ഇന്ധന സഖ്യം തുടങ്ങിയ നിരവധി സംരംഭങ്ങൾക്ക് ഇന്ത്യ തുടക്കമിട്ടിട്ടുണ്ട്. 'മിഷൻ ലൈഫ്', 'ഏക് പേഡ് മാ കേ നാം' തുടങ്ങിയ ജനകീയ പ്രസ്ഥാനങ്ങൾ ആഗോള വേദികളിൽ ഇന്ത്യയുടെ സംഭാവനകളായി പ്രധാനമന്ത്രി സ്ഥാപിച്ചെടുത്തു. 'ക്യാച്ച് ദി റെയിൻ', അമൃത് സരോവർ തുടങ്ങിയ പ്രചാരണങ്ങൾ ജലസംരക്ഷണത്തിന് സഹായിക്കുക മാത്രമല്ല, യുവതലമുറയെ ഈ ഉത്തരവാദിത്തത്തെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്തു.

**ഇന്ത്യയുടെ ചരിത്രത്തിൽ ഇതാദ്യമായാണ് വികസനവും പൈതൃകവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുന്നത്.** ഇന്ത്യയുടെ സാംസ്കാരിക ബോധത്തിന്റെ നവോത്ഥാനത്തിന് ഇത് കാരണമായി. അടിമത്ത മനോഭാവത്തിൽ നിന്ന് മുക്തരാകാനും, ദേശാഭിമാനം വീണ്ടെടുക്കാനും, നമ്മുടെ നാഗരിക പൈതൃകത്തിൽ അഭിമാനിക്കാനും ബഹുമാനപ്പെട്ട പ്രധാനമന്ത്രി രാജ്യത്തോട് ആഹ്വാനം ചെയ്തു. ഇന്ന് രാജ്യം ഇതിന്റെ ഫലങ്ങൾ കാണുന്നുണ്ട്. പുതിയ പാർലമെന്റ് മന്ദിരം, സേവാ തീർഥ്, കർത്തവ്യ പഥ്, കർത്തവ്യ ഭവൻ തുടങ്ങി നിരവധി നിർമ്മിതികൾ നവ ഇന്ത്യയുടെ പുതിയ ആത്മവിശ്വാസത്തിന്റെ പ്രതീകങ്ങളായി മാറിയിരിക്കുന്നു.

**ജനപങ്കാളിത്തത്തെ പ്രധാനമന്ത്രി മാറ്റത്തിന്റെ മാധ്യമമാക്കി മാറ്റി**. സ്വച്ഛ് ഭാരത് അഭിയാൻ, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ അഭിയാൻ, എൽപിജി സബ്സിഡി ഉപേക്ഷിക്കാനുള്ള പ്രോത്സാഹനം എന്നിവയെല്ലാം കഴിഞ്ഞ വർഷങ്ങളിൽ ജനങ്ങളുടെ കൂട്ടായ പരിശ്രമത്തിനുള്ള പ്രധാന മാധ്യമങ്ങളായി മാറി. ജനപങ്കാളിത്തത്തിലൂടെയുള്ള മാറ്റത്തിന്റെ ഈ പ്രചോദനത്തോടെയാണ് രാജ്യം കൊറോണ പോലുള്ള പകർച്ചവ്യാധിയെ വിജയകരമായി നേരിട്ടത്. ഇന്ന് 140 കോടി ജനങ്ങൾ ഒന്നിച്ച് വലിയൊരു ആഗോള പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

**കഴിഞ്ഞ 12 വർഷമായി രാജ്യം അനുഭവിച്ചറിഞ്ഞ രാഷ്ട്രീയ സ്ഥിരത വികസനത്തിന്റെ വേഗതയ്ക്ക് അഭൂതപൂർവമായ ആക്കം നൽകിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ എടുത്തുകാട്ടുന്നു.** കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയുടെ അടിസ്ഥാന സൗകര്യ മേഖലിയുണ്ടായ വേഗതയേറിയ മാറ്റം അതിനൊരു ഉദാഹരണമാണ്. **ഇന്ത്യയുടെ രാഷ്ട്രീയ സ്ഥിരത രാജ്യത്തിന്റെ ആഗോള സ്വാധീനത്തിലും ആഗോള നിക്ഷേപകരിലും അനുകൂല സ്വാധീനം ചെലുത്തിയിട്ടുണ്ട്.**

**ഭരണത്തിലെ ചടുലത, തീരുമാനമെടുക്കുന്നതിലെ സുതാര്യത, നയങ്ങളിലെ ദീർഘവീക്ഷണം എന്നിവയാണ് കഴിഞ്ഞ 12 വർഷമായുള്ള പ്രധാനമന്ത്രിയുടെ നേതൃത്വത്തിന്റെ സവിശേഷത.** ഇത് ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി മാറാൻ ഇന്ത്യയെ പ്രാപ്തമാക്കി.

കേന്ദ്ര മന്ത്രിസഭ:

1. ഈ ചരിത്രപരമായ നേട്ടത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിക്ക് കേന്ദ്ര മന്ത്രിസഭ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

2. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പാവപ്പെട്ടവരുടെ ക്ഷേമത്തിനും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ശാക്തീകരണത്തിനുമായി ചെയ്ത പ്രവർത്തനങ്ങൾക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു.

3. ഇന്ത്യയിലെ 25 കോടിയിലധികം വരുന്ന പാവപ്പെട്ട ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കാൻ സാധിച്ച ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ നയങ്ങളെ അഭിനന്ദിക്കുന്നു.

4. രാഷ്ട്രസേവനത്തിനായി അദ്ദേഹം കാഴ്ചവെച്ച സമാനതകളില്ലാത്ത അർപ്പണ മനോഭാവത്തിനും അശ്രാന്ത പരിശ്രമത്തിനും നന്ദി രേഖപ്പെടുത്തുന്നു.

5. എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളെ പ്രശംസിക്കുന്നു.

6. ദേശീയ സുരക്ഷ ശക്തിപ്പെടുത്തുന്നതിലും ഇന്ത്യയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും അദ്ദേഹത്തിന്റെ നേതൃത്വത്തെ അഭിനന്ദിക്കുന്നു.

7. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള നിശ്ചയദാർഢ്യത്തിനും നേതൃത്വത്തിനും പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നു.

കൂടാതെ,

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ആരോഗ്യത്തിനും ദീർഘായുസ്സിനും വേണ്ടി കേന്ദ്ര മന്ത്രിസഭ ആശംസകൾ നേരുന്നു.

ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ സ്വാശ്രയത്വവും സുരക്ഷിതത്വവും അഭിവൃദ്ധിയുമുള്ള അഭിമാനകരമായ രാജ്യമായി പുതിയ

ഉയരങ്ങൾ കീഴടക്കുന്നത് തുടരുമെന്നും, 2047-ഓടെ വികസിത രാഷ്ട്രമായി മാറുന്നതിനുള്ള പാത ശക്തിപ്പെടുത്തുമെന്നും കേന്ദ്ര മന്ത്രിസഭ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു.